# ലൗ ജിഹാദിന്റെ മറുവശം

**കണ്ണൂർ** ടൗണിന്റെ ഹൃദയഭാഗത്ത് താമസിച്ചിരുന്ന നല്ല സാമ്പത്തിക ശേഷിയുള്ള ഭർതൃമതിയായ മുസ്‌ലിം സ്ത്രീ തന്റെ മൂന്ന് മക്കളെയും വീട്ടിൽ തനിച്ചാക്കി അയൽ പക്കത്തെ കടയിൽ സ്വർണപ്പണി ചെയ്യുന്ന അമുസ്‌ലിമിനോടൊപ്പം 4 മാസം മുമ്പ് ചെന്നൈയിലേക്ക് നാടുവിട്ടു.

ഭാര്യ ഒളിച്ചോടി എന്നു കേട്ട് ഭർത്താവ് നാട്ടിലെത്തി. മനസ്സ് തകർന്നിരിക്കുമ്പോൾ മറ്റൊരു വാർത്ത: ഒളിച്ചോടിയ ഭാര്യ പയ്യന്നൂരിൽ എവിടെയോ വീട്ടുജോലിക്ക് നിൽക്കുന്നു! ഇത് കേട്ടയുടനെ അവളുടെ ഉപ്പയും ഉമ്മയും അവളെ തേടി പോവുകയും പോലീസിൽ വിവരമറിയിക്കുകയും ചെയ്തു. സ്ത്രീയെ കോടതിയിൽ ഹാജരാക്കി. തന്റെ ഇഷ്ടപ്രകാരം കാമുകനോടൊപ്പം പോയതാണ്. ഇനി ഉമ്മയോടൊപ്പം പോവാനാണ് ഇഷ്ടം എന്ന് അവൾ കോടതിയിൽ പറഞ്ഞു. അതനുസരിച്ച് ഉമ്മക്കും ഉപ്പക്കും ഒപ്പം പോവാൻ അവളെ കോടതി അനുവദിച്ചു. തന്റെ കൈയിലുള്ള കാശും സ്വർണവും തീർന്നപ്പോൾ അയാൾ തന്നെ ഒഴിവാക്കിയെന്നും പലരോടും കാശ് ഇരന്ന് വാങ്ങി ചെന്നൈയിൽനിന്നും തനിച്ച് ട്രെയിൻ വഴി പയ്യന്നൂരിൽ എത്തിയെന്നും അവിടെ ഒരു വീട്ടിൽ ജോലിക്ക് നോക്കിയതാണെന്നും അയാളെ പിന്നീട് കണ്ടില്ലെന്നും അവൾ പറഞ്ഞു.

കഥ ഇവിടെയും തീർന്നില്ല. അവളെ തേടി കാമുകൻ വീണ്ടും എത്തി. ഇനി നമുക്ക് ഒന്നിച്ച് ജീവിക്കാമെന്നും യാതൊരു പ്രശ്നവുമുണ്ടാവില്ലെന്നും അയാൾ അവളെ വിശ്വസിപ്പിച്ചു. അവളുടെ മനസ്സ് വീണ്ടും മാറി. താൻ അയാളോടൊപ്പം പോവുകയാണെന്നും ആരും ഇനി തന്നെ നോക്കി വരേണ്ടതില്ലെന്നും ഉമ്മക്കും ഉപ്പക്കും മറ്റു ആർക്കെതിരെയും പരാതിയില്ലെന്നും പറഞ്ഞ് ഈ കുറിപ്പുകാരനെ കൊണ്ട് ഒരു എഗ്രിമെന്റ് എഴുതി വെച്ച് അവൾ വീണ്ടും സ്വന്തം വീട്ടിൽ നിന്നും പടിയിറങ്ങി. മോശമല്ലാത്ത സാമ്പത്തിക ഭദ്രതയുള്ള സൗന്ദര്യവതിയായ അവളെ വഴിതെറ്റിച്ചതിന്റെയും കുടുംബത്തിന്റെ സമാധാനം കെടുത്തി മാനസിക പ്രയാസത്തിലേക്കും മാനഹാനിയിലേക്കും തള്ളിവിട്ടതിന്റെയും പിന്നിൽ പ്രവർത്തിച്ചതാര്?

കണ്ണൂർ സിറ്റിയിലെ മറ്റൊരു ഗൾഫ് കുടുംബത്തിന്റെ കഥയിങ്ങനെ: ഏതാണ്ട് നാലു വർഷം മുമ്പ് തന്റെ വീടിനടുത്ത് പണിക്ക് വന്ന ഹിന്ദുമതക്കാരനായ ഒരു ആശാരിയോട് സ്നേഹം തോന്നിയ ഭർതൃമതി, ഒരു ദിവസം രാത്രി എല്ലാവരും ഉറങ്ങിക്കിടക്കവെ കുട്ടിയെയും സ്വർണവും കാശുമൊക്കെ എടുത്ത് ഏതാനും ദിവസത്തെ കണ്ടുപരിചയം മാത്രമുള്ള അന്യമതത്തിൽ പെട്ട പുരുഷനോടൊപ്പം നാടുവിട്ടു. മകളെ കാണാനില്ലെന്ന് പോലീസിൽ പരാതി കൊടുത്ത ബാപ്പക്ക് തന്റെ മകളെ തിരിച്ച് കിട്ടിയില്ലെന്ന് മാത്രമല്ല അയാൾക്കും കുടുംബത്തിനും പല കേസുകളിലും പ്രതിയാവേണ്ടിയും വന്നു.

ബാപ്പ ഭാര്യയെയും കുട്ടികളെയും കുറച്ച് നാട്ടുകാരെയും കൂട്ടി മകളെ ഹാജരാക്കുന്ന കണ്ണൂർ കോടതി പരിസരത്തെത്തി. കോടതിയിൽ, താൻ കാമുകനായ യുവാവിനോടൊപ്പം തന്നെ പോവുകയാണെന്ന് അവൾ പറഞ്ഞു. തന്റെ കാമുകിയെ തട്ടിയെടുക്കാൻ പിതാവും ആൾക്കാരും വരുമെന്ന് പ്രതീക്ഷിച്ച് കാമുകനും കുറെ ചെറുപ്പക്കാരുടെ അകമ്പടിയോടെയായിരുന്നു കോടതിയിലെത്തിയത്. പെൺകുട്ടിയുടെ അഭിപ്രായ പ്രകാരം കാമുകനോടൊപ്പം പോവാൻ കോടതി അനുവദിച്ചതറിഞ്ഞ് കുട്ടികളെ വിട്ടുകൊടുക്കില്ലെന്ന് പറഞ്ഞ് ബാപ്പയും സംഘവും കോടതി പരിസരത്തുനിന്നു തന്നെ കുട്ടികളെയും കൊണ്ടുപോകാൻ ശ്രമിച്ചു. സംഭവം കോടതി പരി

സരത്ത് കൂട്ട തല്ലിലും പോലീസ് ലാത്തി വീശലിലും കലാശിച്ചു. പോലീസ് പിടിക്കുമെന്ന ഭയത്താൽ കോടതി ഹാളിനുള്ളിൽ കയറി ഒളിച്ച ഉപ്പയെയും സഹോദരനെയും മറ്റും പോലീസ് അറസ്റ്റ് ചെയ്തു. ബാപ്പയും സഹോദരന്മാരും ജയിലിലായി. അവൾ കാമുകനോടൊപ്പം തന്നെ പോയി.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഒരു ദിവസം പാതിരാവിൽ കാമുകി കാമുകന്റെ അതിക്രൂരമായ ഉപദ്രവം സഹിക്കവയ്യാതെ കാമുകന്റെ ശരീരത്തിൽ തിളച്ച വെള്ളം ഒഴിച്ച് പാതിരാവിൽ ഓടി രക്ഷപ്പെട്ടു. തന്റെ ഉമ്മയുടെയും ഉപ്പയുടെയും അടുത്ത് ശരണം പ്രാപിച്ചു. തറവാട്ടിലെത്തിയപ്പോൾ ഭർത്താവിനെ നഷ്ടപ്പെട്ടു എന്ന് മാത്രമല്ല ആർക്കും വേണ്ടാതായ അവൾ വീണ്ടും ഉപദ്രവകാരിയും ദുർനടപ്പുകാരനുമായ കാമുകനോടൊപ്പം തന്നെ പോവാൻ നിർബന്ധിതയായി.

തലശ്ശേരിയിലെ ഒരു കോളേജിൽ ഡിഗ്രിക്ക് പഠിക്കുന്ന മകൾക്ക് വിവാഹ പ്രായമെത്തിയതോടെ വരനെ നോക്കണമെന്ന്, സർക്കാർ സർവീസിൽ നിന്നും ലീവെടുത്ത് വിദേശത്ത് ജോലി ചെയ്യുന്ന ഭർത്താവിനെ ഭാര്യ നിരന്തരം അറിയിക്കുന്നു. സുന്ദരിയായ അവൾക്ക് പല ആലോചനകളും വന്നു തുടങ്ങി. പക്ഷേ അവൾക്ക് ആരെയും ഇഷ്ടമാവുന്നില്ല. കാരണങ്ങൾ പലതും പറഞ്ഞു. ഇത് രക്ഷിതാക്കൾക്ക് വലിയ മനഃപ്രയാസമുണ്ടാക്കി. അതിനിടയിൽ ഞെട്ടിക്കുന്ന വാർത്ത കേട്ടു. മകൾ അമുസ്‌ലിം യുവാവിനെ രജിസ്റ്ററാഫീസിൽ വെച്ച് കുറേ മുമ്പു തന്നെ വിവാഹം കഴിച്ചിരിക്കുന്നുവെന്ന്!

സംഭവത്തിന്റെ സത്യാവസ്ഥയറിയാൻ ഗൾഫിൽ നിന്ന് ബാപ്പ വന്നു. കോളേജിൽ പോവുമ്പോൾ പരിചയപ്പെട്ട യുവാവിനെ കല്ല്യാണം കഴിച്ചുവെന്ന് വളരെ ലാഘവ ത്തോടെ രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ വെച്ച് ഈ ലേഖകനോട് അവൾ പറഞ്ഞു. തന്നെ വേറെ ആളെ കൊണ്ട് വിവാഹം കഴിപ്പിക്കുന്നത് തടയാനായിരുന്നു ഇതെന്നായിരുന്നു അവളുടെ വാദം. കൂടുതൽ കാര്യങ്ങൾ ചോദിച്ചപ്പോൾ അവൾക്കുത്തരമില്ല. നിരന്തരം നടത്തിയ കൗൺസലിംഗിനു ശേഷം കുടുംബകോടതിയിൽ വിവാഹമോചനത്തിന് കേസ് കൊടുത്തു. പക്ഷേ കാമുകനും കാമുകിയും ഒത്തു കളിച്ചതിനാൽ കാമുകൻ കോടതിയിൽ വന്നില്ല. അവളും വന്നില്ല. അവസാനം രക്ഷിതാക്കൾ വന്ന് എന്നോട് പറഞ്ഞു 'വക്കീലേ ആ കേസ് പിൻവലിച്ചോളൂ, അവളുടെ ഇഷ്ടം പോലെ തന്നെയാകട്ടെ, അല്ലെങ്കിൽ അവൾ മറ്റ് വല്ല കടുംകൈയും ചെയ്യും.' കക്ഷികളുടെ താൽപര്യപ്രകാരം കേസ് പിൻവലിച്ചു. അവൾ അവനോടൊപ്പം തന്നെ കഴിയാനും തീരുമാനിച്ചു.

വളപട്ടണത്തെ ഒരു മുസ്‌ലിം പുരാതന തറവാട്ടിലെ ഭർതൃമതി സന്യാസിയോടൊപ്പം ഒരു രാത്രി ഒളിച്ചോടിയതും, കണ്ണൂർ ടൗണിന് തൊട്ടുപ്രദേശമായ വാരത്തെ ഒരു മുസ്‌ലിം കുടുംബം മുഴുവൻ മതംമാറി കുടുംബ സന്ദർശകനായ സന്യാസിയോടൊപ്പം പോയതും കണ്ണൂർകാർ മറന്നിട്ടില്ല. 'ലൗ ജിഹാദ്' എന്ന പേരിൽ ഒരു വിഭാഗം മുസ്‌ലിംകൾക്കെതിരെ പ്രചാരണം നടത്തുമ്പോൾ, ആടിനെ പട്ടിയാക്കുന്ന രീതിയാണ് നടന്നുകൊണ്ടിരിക്കുന്നതെന്നാണ് മേൽ സംഭവങ്ങൾ സൂചിപ്പിക്കുന്നത്.

സംഘ്പരിവാറിന്റെ നേതൃത്വത്തിൽ മുസ്‌ലിം സ്ത്രീകളെ വശത്താക്കി അവരുടെ കുടുംബ ജീവിതം നശിപ്പിക്കുകയെന്ന ഒരു ഹിഡൻ അജണ്ട തന്നെയുണ്ട്. അതവർ പ്രായോഗികമാക്കിയതു കാരണം പല മുസ്‌ലിം കുടുംബങ്ങളുടെയും കെട്ടുറപ്പും ഭദ്രതയും നഷ്ടപ്പെട്ടിട്ടുണ്ട്. മുമ്പ് ബോസ്നിയയിലും ഗുജറാത്തിലും നടന്നതിനോട് ഇതിനെ താരതമ്യപ്പെടുത്താം.

കുടുംബഭരണം സ്ത്രീകൾക്ക് വിട്ടുകൊടുത്ത ഗൾഫുകാരുടെ വീടുകളിലാണ് ഇത്തരം സംഭവങ്ങൾ കൂടുതൽ അരങ്ങേറുന്നത്. കുട്ടികളെ ശ്രദ്ധിക്കാൻ ആളില്ല. കുട്ടികൾ പറയുന്നതു പോലെ തുള്ളാൻ രക്ഷിതാക്കളും ഒരുക്കം. അങ്ങാടിയിലും സിനിമാ തിയേറ്ററുകളിലും മറ്റു വിനോദ സ്ഥലങ്ങളിലും അഴിഞ്ഞാടി നടക്കുന്ന ഇത്തരക്കാരെ ശ്രദ്ധിക്കാൻ ആളുകളുണ്ടോ?

മുസ്‌ലിം സമുദായ നേതൃത്വം സമുദായാംഗങ്ങളെ ഇത്തരം സംഭവങ്ങളെകുറിച്ച് ബോധവാന്മാരാക്കേണ്ട സന്ദർഭം അതിക്രമിച്ചിരിക്കുന്നു.

**അഡ്വ. കെ.എൽ അബ്ദുസ്സലാം കണ്ണൂർ**

# സംഘടനാവത്കരിക്കപ്പെടുന്ന പള്ളികൾ

**ഹമീദ്** വാണിമേലിന്റെ 'സംഘടനാവത്കരിക്കപ്പെടുന്ന ഈദുഗാഹുകൾ' (ലക്കം 26) ആണ് ഈ കുറിപ്പെഴുതാൻ പ്രചോദനം.

മതസംഘടനകളുടെ പിടിയിലമർന്നുപോയ നമ്മുടെ പള്ളികളുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുന്നതും സന്ദർഭോചിതമാണ്. ഒരുകാലത്ത് ഖുർആൻ വചനങ്ങൾ കൊണ്ട് അലങ്കൃതമായ പള്ളിക്കവാടങ്ങളും ചുമരുകളും ഇന്ന് പരസ്പരം ഏറ്റുമുട്ടുന്ന പണ്ഡിതന്മാരുടെയും മത സംഘടനകളുടെയും പേരുകളേന്തിയ പോസ്റ്ററുകൾകൊണ്ട് വികൃതമായിരിക്കുന്നു. അല്ലാഹുവിനെ ആരാധിക്കാനുള്ള പള്ളിയാണോ അതോ ഏതെങ്കിലും സംഘടനാ ഓഫീസാണോ എന്ന് സംശയിച്ചുപോകുംവിധം മാറിപ്പോയിരിക്കുന്നു പല പള്ളികളും.

ഒരു മതസംഘടനയുടെ പേരിൽ അറിയപ്പെടുന്ന പള്ളി അല്ലാതെ, എവിടെ അന്വേഷിച്ചാലാണ് 'അല്ലാഹുവിന്റെ പള്ളി' കണ്ടെത്താനാവുക? പള്ളികൾ അല്ലാഹുവിനു വേണ്ടിയുള്ളതാണെന്ന വചനത്തെ മറച്ചു വെച്ച്, പള്ളികൾ മതസംഘടനകൾക്കു വേണ്ടിയുള്ളതാണെന്ന അപകടാവസ്ഥ സൃഷ്ടിച്ചതാരാണ്? നാല് മദ്ഹബുകൾക്കും ഭിന്ന ചര്യകൾക്കും മധ്യേ, തന്റെ അറിവിനും മനസ്സാക്ഷിക്കും ശരിയെന്ന് തെളിവു സഹിതം മനസ്സിലാക്കിയവർ അല്ലാഹുവിനെ ആരാധിക്കാൻ പോകേണ്ട പള്ളി ഏതായിരിക്കും?

തലമറച്ചവനും മറക്കാത്തവനും ഒരേ സ്വഫ്ഫിൽ അണിനിരക്കുന്ന, കൈ ഉയർത്തി കെട്ടിയവനും താഴ്ത്തി കെട്ടിയവനും കൈ തീരെ കെട്ടാത്തവനും ഒരേ ഇമാമിനെ പിന്തുടർന്ന് നമസ്കരിക്കുന്ന, വേർതിരിവുകളില്ലാത്ത ഒരു 'മസ്ജിദുൽ ഹറാം' നമ്മുടെ വിശ്വാസപരിസരത്ത് ഇനി എന്നാണാവോ ഉണ്ടാവുക?

**മുഹ്സിൻ അലി മട്ടാഞ്ചേരി**

# ആത്മവിമർശനങ്ങൾ ഉണ്ടാവണം

**ഡോ. ചന്ദ്രാമുസഫറിന്റെ** ലേഖനം (ലക്കം 27) ശ്രദ്ധേയമായി. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ 'അനൗദ്യോഗിക ഉപദേഷ്ടാവ്' എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്. രൂക്ഷമായ വിമർശനങ്ങൾക്ക് പകരം, വസ്തുനിഷ്ഠമായും ഗുണകാംക്ഷയോടെയുമാണ് ഇസ്‌ലാമിക സംഘടനകളെ അദ്ദേഹം വിലയിരുത്താറുള്ളത്. പാക് ജമാഅത്തെ ഇസ്‌ലാമിയുടെ ജനകീയത കുറയാനുള്ള കാരണങ്ങൾ അടിവരയിട്ട് അദ്ദേഹം നിരത്തുകയുണ്ടായി. ഇത് പാക് ജമാഅത്തെ ഇസ്‌ലാമി തന്നെ പിന്നീട് അംഗീകരിച്ചു. പക്ഷേ, പ്രായോഗിക നടപടികൾ കാര്യമായൊന്നും ഉണ്ടായില്ല. ഹമാസിന്റെ ജനാധിപത്യ ഇടപെടലുകൾ വേണമെന്ന് വളരെ മുമ്പുതന്നെ വാദിച്ച ആളായിരുന്നു ചന്ദ്രാമുസഫർ. പിന്നീട് ഹമാസ് ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളായത് നാം കണ്ടു. സ്ത്രീ പങ്കാളിത്തം, അധഃസ്ഥിത വർഗക്കാരുടെ രാഷ്ട്രീയ ഉയിർത്തെഴുന്നേൽപ് തുടങ്ങിയവയോടുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ സമീപനങ്ങളെ അദ്ദേഹം വിലയിരുത്താറുണ്ട്. ഈ ലേഖനത്തിലും അത്തരം നിരീക്ഷണങ്ങൾ ധാരാളമുണ്ട്. ഓരോ പ്രസ്ഥാനത്തിന്റെയും പുറത്തു നിന്നല്ല അകത്തുനിന്നുതന്നെയാണ്

വിമർശനങ്ങളും ചെറുത്തുനിൽപുകളും ഉണ്ടാവേണ്ടത്. കുശുമ്പും കുനിഷ്ടും പ്രത്യയശാസ്ത്രമായി സ്വീകരിച്ച് മുരളുന്ന പ്രസ്ഥാന വിമർശകരുടെ വർത്തമാനങ്ങൾ തള്ളിക്കളയുമ്പോഴും ഗൗരവമായ നിരൂപണങ്ങൾക്ക് നാം ഇടം അനുവദിക്കേണ്ടതുണ്ട്. അല്ലെങ്കിൽ പ്രസ്ഥാനത്തിന്റെ ജൈവികത നഷ്ടപ്പെടുകയും കൃത്രിമത്വം വർധിക്കുകയും ചെയ്യും.

**അബ്ദുൽ കരീം എറണാകുളം**

# അത് അബ്ദുർറശീദല്ല

**അറുപതാം** വാർഷികപ്പതിപ്പിൽ കലീമിന്റെ ഓർമക്കുറിപ്പിനൊപ്പം പ്രസിദ്ധീകരിച്ച ഫോട്ടോ, ലേഖനത്തിൽ പരാമർശിക്കുന്ന അഹ്മദ് ശരീഫിന്റെ പിതാവ് അബൂബക്കർ പുൽപ്പറമ്പന്റെതല്ല, മറ്റൊരു പഴയ സജീവ പ്രസ്ഥാന പ്രവർത്തകനായ പി.എം അബൂബക്കർ സാഹിബിന്റെതാണ്. അദ്ദേഹവുമായി ബന്ധപ്പെട്ട രസകരമായ ഒരനുഭവം:

നാല് പതിറ്റാണ്ട് മുമ്പാണ് സംഭവം. പടനിലത്തെ ഞങ്ങളുടെ വീട്ടിൽ ജമാഅത്തെ ഇസ്‌ലാമി കുന്ദമംഗലം ഫർക്കാ സമ്മേളനം നടക്കുകയാണ്. യോഗാവസാനം ആരോ ഒരു പ്രമേയം അവതരിപ്പിച്ചു: '*പ്രബോധന*ത്തിന്റെ ഭാഷ ലളിതമാക്കണം.'

സദസ്സ് ഒന്നടങ്കം അനുകൂലമായി പ്രതികരിച്ചുകൊണ്ടിരിക്കെ അബൂബക്കർ സാഹിബ് ചാടിയെണീറ്റ് 'പാടില്ല! ഒന്നുകൂടെ കടുപ്പം കൂട്ടുകയാണ് വേണ്ടത്. ഇപ്പോൾ കുറച്ചൊക്കെ മനസ്സിലാകുന്നുണ്ട്. അത് പറ്റില്ല. ഒന്നും മനസ്സിലാകരുത്.' സംസ്കൃതവത്കരണത്തിലൂടെ ലേഖനം ദുർഗ്രാഹ്യമാക്കുന്ന അക്കാലത്തെ ഭാഷാ പ്രയോഗത്തിനെതിരായ ഒരു സാധാരണ വായനക്കാരന്റെ വികാരപ്രകടമായിരുന്നു അത്.

അബ്ദുൽ അഹദ് തങ്ങളുടെ സ്മരണയിൽ (2009 ഡിസംബർ 19, ലക്കം 27) അനുസ്മരിക്കുന്ന വടകര ദാറുൽ ഉലൂം സ്കൂളിലെ അധ്യാപകൻ അബ്ദുൽ റശീദ് അല്ല. ഖാദിയാനീ മതത്തിലെ ദേശീയ നേതാവായിത്തീർന്ന ആയഞ്ചേരി സ്വദേശി അഹ്മദ് റശീദ് ആണ്. അറബി സാഹിത്യത്തിൽ മാത്രമല്ല ഖുർആൻ വ്യാഖ്യാനത്തിലും അസാമാന്യ വൈഭവമുണ്ടായിരുന്നു. അറബി ഭാഷയിൽ നിമിഷകവിയും മഹാ പണ്ഡിതനുമായിരുന്നു അദ്ദേഹം. ഖാദിയാനിസത്തിൽനിന്ന് തിരിച്ചുവന്ന് ഇസ്‌ലാഹിയാ കോളേജിൽ അധ്യാപകനായി ചേർന്നിരുന്നെങ്കിലും നാലഞ്ച് വർഷങ്ങൾക്കുശേഷം ദുരൂഹത അവശേഷിപ്പിച്ചുകൊണ്ട് ഖാദിയാനിസത്തിലേക്കു തന്നെ തിരിച്ചുപോവുകയും പഞ്ചാബിൽ വെച്ച് ഏതാനും വർഷം മുമ്പ് മരണപ്പെടുകയും ചെയ്തു.

**ടി.എം ഹുസൈൻ**
**ആരാമ്പ്രം**